പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 968 — 14/06/2012 ൽ മറുപടിയ്ക്ക്

## പാഠ പുസ്തക ഡിപ്പോകളിലെ കാലഹരണപ്പെട്ട പുസ്തകങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | ഗവൺമെന്റിന്റെ പാഠപുസ്തക ഡിപ്പോകളിലെ കാലഹരണപ്പെട്ട പുസ്തകങ്ങൾ തൂക്കി വിൽക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ ; കാലഹരണപ്പെട്ടവ ഒഴിവാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്താണ് ; ഇതിനു വിരുദ്ധമായനിലയിൽ പുസ്തകങ്ങൾ വിറ്റഴിച്ചിട്ടുണ്ടോ ; | (എ) | കാലഹരണപ്പെട്ട പുസ്തകങ്ങൾ തൂക്കി വിൽക്കുന്നതിന് 2011 ൽ ആരംഭിച്ച നടപടികൾ ഇപ്പോഴും തുടരുന്നുണ്ട്. മത്സര ടെണ്ടറുകൾ വിളിച്ച് നിരക്കിന്റെയടിസ്ഥാനത്തിൽ കരാർ ഉറപ്പിച്ചാണ് കാലഹരണപ്പെട്ട പുസ്തകങ്ങൾ തൂക്കി വിൽക്കുന്നത്. ഇതിനു വിരുദ്ധമായ രീതിയിൽ പുസ്തകങ്ങൾ വിറ്റഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | കാലഹരണപ്പെട്ടവ ഒഴിവാക്കിയതുമായി ബന്ധപ്പെട്ട എന്തെങ്കിലും ആരോപണം ഉണ്ടായോ ; എങ്കിൽ അന്വേഷിക്കുകയുണ്ടായോ ; ക്രമക്കേടുകൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്ന് മനസ്സിലായിട്ടുണ്ടോ ; എങ്കിൽ കുറ്റക്കാരായവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിച്ച പരാതികളെല്ലാം അന്വേഷിച്ചിട്ടുണ്ട്. ക്രമക്കേടുകൾ ഒന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം കാലഹരണപ്പെട്ട ബുക്കുകൾ എത്രയുണ്ടായിരുന്നു ; വില്പന നടന്നിട്ടുണ്ടെങ്കിൽ എന്തു വിലയ്ക്ക് ; അതുവഴി നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ ? | (സി) | ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം 41,76,511 എണ്ണം പുസ്തകങ്ങൾ ആണ് കാലഹരണപ്പെട്ടത്. കിലോഗ്രാമിന് 15.95 രൂപ നിരക്കിലാണ് നിലവിലെ കരാറിൽ വില്പന നടക്കുന്നത്. ഈ ഇനത്തിൽ ഒരു നഷ്ടവും സർക്കാരിനുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ